**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5124 27.06.2019- ൽ മറുപടിയ്ക്ക്

**വയനാട് ജില്ലയിലെ വയോമിത്രം പദ്ധതി**

ചോദ്യം

മറുപടി

ശ്രീ.ഒ.ആർ.കേളു.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ വയോമിത്രം പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | വയനാട് ജില്ലയിൽ കല്പറ്റ നഗരസഭയിൽ 2011-ൽ ആരംഭിച്ച വയോമിത്രം പദ്ധതി 2018-ൽ സുൽത്താൻ ബത്തേരി, മാനന്തവാടി നഗരസഭകളിൽ കൂടി ആരംഭിക്കുകയുണ്ടായി. മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി സൗജന്യമായി ജീവിത ശൈലീരോഗ നിർണ്ണയവും മരുന്നുകളും, പാലിയേറ്റീവ് പരിചരണം, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്.<br><br>കൽപറ്റ നഗരസഭയിൽ 41 ക്ലിനിക്കുകളും, സുൽത്താൻ ബത്തേരി |

| | | | |
|---|---|---|---|
| | | | നഗരസഭയിൽ 21 ക്ലിനിക്കുകളും, മാനന്തവാടിയിൽ 20 ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. 3 നഗരസഭയിലെയും എല്ലാ വാർഡുകളിലും, ടി പദ്ധതി പ്രകാരമുള്ള ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്.<br>കൂടാതെ വിവിധ ദിനാചരണ പരിപാടികൾ, സൗജന്യ നേത്ര പരിശോധന ക്യാമ്പുകൾ. ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും വയോമിത്രം യൂണിറ്റ് തലത്തിൽ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നത്; | (ബി) | വയനാട് ജില്ലയിലെ 3 യൂണിറ്റുകളിലായി 13 പേർ ജോലി ചെയ്തു വരുന്നുണ്ട്. |
| (സി) | പദ്ധതിക്കായി ജില്ലയിൽ നാളിതുവരെ എത്രതുക ചെലവഴിച്ചുവെന്നും അവ ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കാമോ? | (സി) | വയോമിത്രം പദ്ധതിയ്ക്കായി വയനാട് ജില്ലയിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | വേതനം | 1,31,64,647/- |
| 2. | വാഹന വാടക | 42,51,410/- |
| 3. | മരുന്ന് | 1,06,56,811/- |
| 4. | ഓഫീസ് ചെലവ് | 48,090/- |
| | **ആകെ** | **2,81,20,958/-** |

**സെക്ഷൻ ഓഫീസർ**